**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 29** **01-02-2023 - ൽ മറുപടിയ്ക്ക്**

**ബഫർസോൺ വിഷയത്തിൽ കർഷകരെ സഹായിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ബഫർസോൺ വിഷയത്തിൽ കർഷകരെ സഹായിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോസെൻസിറ്റീവ് സോൺ (പരിസ്ഥിതി സംവേദക മേഖല) നിജപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള ആശങ്കകൾ പരിഹരിക്കുന്നതിനായി 28-09-2020-ൽ ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഇക്കോസെൻസിറ്റീവ് സോണിൽ നിന്നും ജനവാസ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ /പൊതു സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ടി തീരുമാനത്തിന്റെ വെളിച്ചത്തിൽ ജനവാസ മേഖലകളെയും, സർക്കാർ/അർദ്ധ സർക്കാർ/പൊതു സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് മലബാർ, ഇടുക്കി, ആറളം, കൊട്ടിയൂർ, ശെന്തുരുണി, തട്ടേക്കാട്, പെരിയാർ (പെരിയാർ ദേശീയ ഉദ്യാനം & പെരിയാർ വന്യജീവി സങ്കേതം), വയനാട്, സൈലന്റ്‌വാലി, പറമ്പിക്കുളം, നെയ്യാർ, പേപ്പാറ, ചൂലന്നൂർ, പീച്ചി, ചിമ്മിനി, മംഗളവനം എന്നീ 17 വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള പരിസ്ഥിതി സംവേദക മേഖലയിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോട് കൂടിയുള്ള 15 കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിലേക്ക് വീണ്ടും സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേലുള്ള തുടർനടപടികൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സ്വീകരിച്ചുവരുകയുമാണ്. മറ്റ് വന്യജീവി സങ്കേതങ്ങളുടെ കാര്യത്തിൽ ജനവാസ മേഖലകൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ കരട് ഭേദഗതി നിർദ്ദേശം ആവശ്യമില്ലാത്തതാണെന്ന്<br>കണ്ടെത്തിയിട്ടുള്ളതാണ്. ജനവാസ മേഖലകളെയും, കൃഷി സ്ഥലങ്ങളെയും ഒഴിവാക്കിയാണ് പുതുക്കിയ |

പ്രൊപ്പോസൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ഈ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി വിദഗ്ദ്ധ സമിതി യോഗങ്ങൾ ചേരുകയും ആവശ്യപ്പെട്ട അധിക വിവരങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജനവാസമേഖലകൾ ഉൾപ്പെട്ടിട്ടില്ലാത്ത ഇരവികുളം, ചിന്നാർ, കുറിഞ്ഞിമല, പാമ്പാടുംഷോല, ആനമുടിഷോല, തട്ടേക്കാട് എന്നിവയുടെ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുന്നതിന് വിദഗ്ദ്ധ സമിതി യോഗത്തിൽ തത്വത്തിൽ തീരുമാനമായിരുന്നു.

അപ്രകാരം ഭേദഗതി ചെയ്ത് സംസ്ഥാനത്ത് നിന്നും സമർപ്പിച്ച കരട് നിർദ്ദേശങ്ങൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലിരിക്കെയാണ് ദേശീയ ഉദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും നിശ്ചയിക്കപ്പെട്ട അതിരിൽ നിന്നും ഒരു കിലോമീറ്റർ ദൂരം ഇക്കോ സെൻസിറ്റീവ് സോൺ ഉണ്ടാകണമെന്ന് നിർദ്ദേശിക്കുന്ന ബഹു. സുപ്രീം കോടതിയുടെ WP(C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ വിധി ലഭിക്കുന്നത്.

ബഹു. സുപ്രീം കോടതിയുടെ, 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാന പ്രകാരം, ബഹു. സുപ്രീം കോടതി ഉത്തരവ് പ്രകാരം ഒരു കിലോ മീറ്റർ ESZ ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻററുമായി (KSREC) ധാരണപത്രത്തിൽ ഏർപ്പെട്ടു.

ടി യോഗ തീരുമാന പ്രകാരം സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാന പ്രകാരം വനം വകുപ്പ് സ്വീകരിച്ച നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന ഭേദഗതി നിർദ്ദേശങ്ങൾ അതേ നിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽ നിന്നും ജനവാസ മേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹു. സുപ്രീം കോടതിയുടെ WP(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ ബഹു. സുപ്രീം കോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും സർക്കാർ ഉത്തരവായിട്ടുണ്ട്.

ബഹു. സുപ്രീം കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 08-06-2022-ലും, 05-07-2022-ലും ബഹു. വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-06-2022-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. ആയതിൽ സംസ്ഥാനത്ത് നിന്ന് ഭേദഗതി വരുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിക്കാനായാണ് അപേക്ഷിച്ചിട്ടുള്ളത്.

ഈ വിഷയം സംബന്ധിച്ച് വനം, നിയമം, ജലവിഭവം, കൃഷി വകുപ്പുകളിലെ ബഹു. മന്ത്രിമാരെയും വനം, നിയമം, ജലവിഭവം, കൃഷി, തദ്ദേശ സ്വയം ഭരണം, റവന്യൂ എക്സൈസ്, ഭവനനിർമ്മാണം, വ്യവസായം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരെയും, അഡ്വക്കേറ്റ് ജനറൽ, സുപ്രീം കോടതിയുടെ സ്റ്റാൻറിംഗ് കൗൺസൽ എന്നിവരെയും പങ്കെടുപ്പിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിൽ കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻറർ (KSREC) കരട് പഠന റിപ്പോർട്ട് അവതരിപ്പിച്ചു. ആയതിന്മേലുള്ള വിശദമായ ചർച്ചകളെ തുടർന്ന് ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്ക് പുറമെ ഭൗതിക സ്ഥലപരിശോധന കൂടി നടത്തി വിശദമായ

വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം പ്രകാരം ജസ്റ്റീസ് തോട്ടത്തിൽ രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ധ സമിതിയും സാങ്കേതിക വിദഗ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു.

വിദഗ്ധ പരിശോധന സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഉപഗ്രഹ സർവ്വേ സംബന്ധിച്ച് കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻറർ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ പഞ്ചായത്ത്/ വില്ലേജ് തല സർവ്വേ നമ്പർ ഉൾപ്പെടെയുള്ള നിർമ്മിതികളുടെ വിവരങ്ങളും ഭൂപടങ്ങളും സഹിതമുള്ള സംക്ഷിപ്ത രൂപവും, ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെയും സർക്കാർ/ അർദ്ധ സർക്കാർ/ പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും, നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളും ആയത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ / നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ച പരാതികൾ ഉണ്ടെങ്കിൽ ആയത് നിർദ്ദിഷ്ട പ്രൊഫോർമയിൽ ഇ-മെയിൽ മുഖേനയും വനം വകുപ്പ് ജോയിൻറ് സെക്രട്ടറിക്ക് തപാൽ മാർഗ്ഗവും, പഞ്ചായത്ത് / നഗരസഭാതലത്തിൽ ആരംഭിച്ച ഹെൽപ്പ് ഡെസ്കുകളിലും ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ഫീൽഡ്തല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വനം വകുപ്പിൽ നിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ തരം തിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ധ സമിതി തുടർനടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ആകെ ലഭിച്ച 63985 പരാതികളിൽ 61596 പരാതികൾക്ക് 30-01-2023 വരെ പരിഹാരം

| | | | |
|---|---|---|---|
| | | | കാണുകയും കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻററിന്റെ (KSREC) അസ്സറ്റ് മാപ്പർ ആപ്പ് മുഖേന ഇതിനകം 79193 അസ്സറ്റുകൾ അപ്പ് ലോഡ് ചെയ്തിട്ടുമുണ്ട്. 28-12-2022-ലെ സർക്കാർ ഉത്തരവ് (സാധാ)നം.580/2022/വനം പ്രകാരം വിദഗ്ദ്ധ സമിതിയുടെ കാലാവധി 28-02-2023 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച പുന:പരിശോധനാ ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷി ചേരുന്നതിനുള്ള അപേക്ഷ ബഹു. സുപ്രീം കോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ